I ഇ.ബി. XV - കേരള നിയമസഭ/XII-1

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

2024 ഒക്ടോബർ 4, വെള്ളി

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2024 ഒക്ടോബർ 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**ചരമോപചാരം**

വയനാട്, വിലങ്ങാട് ഉരുൾപൊട്ടലുകളിൽ മരണപ്പെട്ടവരെ സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: കേരള ചരിത്രത്തിലെ ഏറ്റവും ഭീകരമായ പ്രകൃതിദുരന്തങ്ങളിൽ ഒന്നാണ് വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല, അട്ടമല, പുഞ്ചിരിമറ്റം പ്രദേശങ്ങളിൽ 2024 ജൂലൈ 29-ന് അർദ്ധരാത്രി

കഴിഞ്ഞുണ്ടായ ഉരുൾപൊട്ടൽ. അവിടെ 403 പേരുടെ മരണമാണ് സ്ഥിരീകരിച്ചത്. അതേദിവസംതന്നെ കോഴിക്കോട് ജില്ലയിലെ വിലങ്ങാടും ഉരുൾപൊട്ടലുണ്ടാകുകയും ഒരു ജീവൻ പൊലിയുകയും നിരവധി വീടുകൾ ഒലിച്ചുപോകുകയും അതിലേറെ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും വ്യാപകമായ കൃഷിനാശമുണ്ടാകുകയും ചെയ്തു. തോരാതെ പെയ്ത മഴയുടെ തീവ്രത ഉരുൾപൊട്ടലിന് കാരണമായിട്ടുണ്ട്. പാലം തകർന്ന് ഗതാഗതം തടസ്സപ്പെട്ടതും പ്രതികൂല കാലാവസ്ഥയും രക്ഷാപ്രവർത്തനങ്ങളെ ബാധിച്ചു. ചൂരൽമല, മേപ്പാടി അടക്കമുള്ള വയനാടൻ ഗ്രാമങ്ങൾ താങ്ങാനാകാത്ത ഹൃദയവേദനയായി മാറി. ദുരന്തമുഖത്തുനിന്നും പുറത്തുവന്നുകൊണ്ടിരുന്ന വാർത്തകൾ കേരള ജനതയെ പരിഭ്രാന്തിയിലാഴ്ത്തുന്നതായിരുന്നു. വെള്ളാർമല ജി.വി.എച്ച്.എസ്.എസ്.-ലെ കുരുന്നുകളെക്കുറിച്ച് അധ്യാപകരും നാട്ടുകാരും പങ്കുവച്ച ഓർമ്മകൾ ഹൃദയം നുറുങ്ങുന്ന വേദനയോടെയാണ് മലയാളികൾ ഏറ്റുവാങ്ങിയത്. സൈന്യവും പോലീസും വനപാലകരും സന്നദ്ധസേനകളും മറ്റ് യുവജന സംഘടനകളും സർക്കാർ ജീവനക്കാരും നാട്ടുകാരുമെല്ലാം കക്ഷി രാഷ്ട്രീയ ഭേദമന്യേ, ജാതി മത വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി രക്ഷാപ്രവർത്തനത്തിൽ അണിനിരന്നു. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട

മനുഷ്യരുടെ അത്യഗാധമായ ദുഃഖത്തിൽ കേരള നിയമസഭയും പങ്കുചേരുന്നു. വയനാട്, വിലങ്ങാട് ഉരുൾപൊട്ടലുകളിൽ ജീവൻ നഷ്ടപ്പെട്ട എല്ലാ സഹോദരങ്ങൾക്കും ആദരാഞ്ജലി അർപ്പിക്കുന്നതോടൊപ്പം ദുരന്തബാധിതരെ കരകയറ്റാൻ പ്രയത്നിച്ച് മാനവികതയുടെ അടയാളമായി മാറിയ എല്ലാവർക്കും ആദരവ് അർപ്പിക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വയനാട്, വിലങ്ങാട് പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലുകൾ സംബന്ധിച്ച് സഭാധ്യക്ഷൻ നടത്തിയ പരാമർശങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. 2024 ജൂലൈ 30-ന് പുലർച്ചെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽ സമാനതകളില്ലാത്ത മഹാദുരന്തമാണ്. കാലാവസ്ഥാവ്യതിയാനംമൂലം പ്രാദേശികമായുണ്ടായ അതിതീവ്ര മഴയാണ് ഉരുൾപൊട്ടലുകൾക്ക് കാരണമായത്. ഈ ദുരന്തത്തിൽ നിരവധി ജീവനുകൾ നഷ്ടപ്പെടുകയും 47 പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്. മേപ്പാടിയിൽ മാത്രം ഏകദേശം 1200 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. വിലങ്ങാടിലെ ഉരുൾപൊട്ടലിൽ ഒരു ജീവൻ പൊലിയുകയും 217 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തത്തെ അതിജീവിച്ച മേപ്പാടിയിലെ 794 കുടുംബങ്ങളെയും വിലങ്ങാടിലെ 30

കുടുംബങ്ങളെയും നിലവിൽ വാടകവീടുകളിലാണ് പാർപ്പിച്ചിരിക്കുന്നത്. മേപ്പാടിയിലെ അതിജീവിതർക്കായി സുരക്ഷിതമായ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനും വിലങ്ങാടിൽ സമഗ്രമായ പുനരധിവാസം ഉറപ്പുവരുത്താനുമുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. അതിജീവിതർക്കുവേണ്ട അടിയന്തരസഹായങ്ങൾ സംസ്ഥാന സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ദുരന്തത്തെ അതിജീവിച്ചവർക്ക് മെച്ചപ്പെട്ടതും സുരക്ഷിതവുമായ ജീവിതസാഹചര്യങ്ങൾ ഉറപ്പുവരുത്താനുള്ള സംസ്ഥാന സർക്കാരിന്റെ അശ്രാന്ത പരിശ്രമങ്ങൾക്ക് സഭയുടെ പൂർണ്ണ പിന്തുണ അഭ്യർത്ഥിക്കുന്നു. വയനാട്, വിലങ്ങാട് ഉരുൾപൊട്ടലുകളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വയനാട്, വിലങ്ങാട് ഉരുൾപൊട്ടലുകൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയും സഭാധ്യക്ഷനും പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. വയനാട് ദുരന്തത്തിനിരയായവരുടെ നൊമ്പരങ്ങൾ കാലത്തിന് മായ്ച്ചുകളയാൻ കഴിയാത്തതാണ്.

ദുരന്തപ്രദേശത്തിന് സമീപം താമസിക്കുന്നവരെ മാറ്റിപാർപ്പിക്കേണ്ടത്

അനിവാര്യമാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്രധാനമന്ത്രി ദുരന്തബാധിത പ്രദേശം സന്ദർശിച്ചതിനുശേഷം ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയോ താൽക്കാലിക ധനസഹായം അനുവദിക്കുകയോ ചെയ്യാത്തത് ദൗർഭാഗ്യകരമാണ്. സംസ്ഥാനത്ത് ഒരു അന്താരാഷ്ട്ര നിലവാരമുള്ള വാണിംഗ് സിസ്റ്റവും അതിനോടനുബന്ധിച്ചുള്ള ഒരു ഇവാക്കുവേഷൻ പ്ലാനും ഉണ്ടാകേണ്ടത് അനിവാര്യമാണ്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് ഒരു എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി നടത്തി അതിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ ആവിഷ്കരിക്കണം. വയനാട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: വയനാട്ടിലുണ്ടായ ദുരന്തം നാടിനെ പിടിച്ചുലച്ച സംഭവമാണ്. കേരളം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനമാണ് വിവിധ സേനാവിഭാഗങ്ങൾ, സന്നദ്ധ സംഘടനകൾ, സർക്കാർ ഏജൻസികൾ എന്നിവർ നടത്തിയത്. ഇത്തരം ദുരന്തങ്ങൾ മുൻകൂട്ടി അറിയാനും

നാശനഷ്ടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനും കഴിയണം. പുനരധിവാസ പ്രവർത്തനങ്ങൾ അടിയന്തരപ്രാധാന്യത്തോടുകൂടി സർക്കാർ നടത്തുന്നുവെന്നുള്ളത് അഭിനന്ദനാർഹമാണ്. പുനരധിവാസ പ്രവർത്തനങ്ങൾക്കായി സർക്കാർ നടത്തുന്ന എല്ലാവിധ പ്രവർത്തനങ്ങൾക്കും പിന്തുണ പ്രഖ്യാപിക്കുന്നതോടൊപ്പം കേന്ദ്ര സർക്കാരിന്റെ അവഗണനാ മനോഭാവത്തിൽ ശക്തമായ എതിർപ്പും രേഖപ്പെടുത്തുന്നു. സർവ്വനാശം വിതച്ച മഹാദുരന്തത്തിൽ ദുരിതമനുഭവിക്കുന്നവരുടെയും മരണപ്പെട്ടവരുടെ ആശ്രിതരുടെയും ദുഃഖത്തിൽ പങ്കുചേരുകയും മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: വയനാട് ദുരന്ത ബാധിതരുടെ ദു:ഖത്തിൽ ഞാനും പങ്കുചേരുന്നു. കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ ജനവിഭാഗങ്ങളും ദുരന്തനിവാരണത്തിൽ പങ്കുച്ചേരുന്നതാണ് കാണാൻ സാധിച്ചത്. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങൾക്ക് ശാശ്വത പരിഹാരം കാണാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇതിനോടനുബന്ധിച്ചുള്ള സംസ്ഥാന സർക്കാർ നടപടികളുമായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. പുനരധിവാസ

പ്രവർത്തനങ്ങൾക്കായി മറ്റ് സന്നദ്ധ സംഘടനകളോടൊപ്പം മുസ്ലീം ലീഗിന്റെ സന്നദ്ധ സംഘടനകളും 40 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിവരികയാണ്. അനുയോജ്യമായ ഭൂമി കണ്ടെത്തി വയനാട് പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കേരള ജനത കണ്ടതിൽ ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ് വയനാട്ടുണ്ടായത്. ദുരന്തത്തിൽനിന്ന് കരകയറാനുള്ള ശ്രമത്തിന് വലിയ തോതിലുള്ള സഹകരണം എല്ലാവരുടെയും ഭാഗത്തുനിന്ന് ലഭിക്കുന്നുവെന്നത് ആശാവഹമാണ്. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള അതിതീവ്ര മഴയാണ് ഉരുൾപൊട്ടലിന് കാരണമായതെങ്കിൽ ഭാവിയിൽ ഇത്തരം ദുരന്തങ്ങളുണ്ടാകാതിരിക്കാൻ അതുസംബന്ധിച്ച് പഠനം നടത്തേണ്ടിയിരിക്കുന്നു. മന്ത്രിസഭാ ഉപസമിതി ദുരന്തമേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെയും രക്ഷാപ്രവർത്തനം സുഗമമാക്കിയ സൈന്യത്തെയും സന്നദ്ധപ്രവർത്തകരെയും സായുധസേനാ വിഭാഗത്തെയും പ്രത്യേകം അഭിനന്ദിക്കുന്നു. പുനരധിവാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പാക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ

എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. വയനാട് ദുരന്തത്തെ അതിജീവിക്കാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാത്ത കേന്ദ്ര നിലപാട് അപലപനീയമാണ്. ദുരന്തത്തിൽ രക്ഷപ്പെട്ടവർക്ക് പ്രത്യാശയുടെ വെളിച്ചം പകരാനുതകുന്ന തരത്തിലുള്ള പുനരധിവാസ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണം. വയനാട്, വിലങ്ങാട് ഉരുൾപൊട്ടലുകളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: വയനാട്, വിലങ്ങാട് പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലുകളുമായി ബന്ധപ്പെട്ട് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. മുണ്ടക്കൈയിലും ചൂരൽമലയിലും വിലങ്ങാടും പുനരധിവാസം ദ്രുതഗതിയിൽ നടപ്പാക്കാൻ സംസ്ഥാനം ഒറ്റക്കെട്ടായി പ്രവർത്തിക്കണം. പുനരധിവാസം എന്നത്തേക്ക് നടപ്പാക്കുമെന്നും ടൗൺഷിപ്പ് ഏത് വിധത്തിൽ നടപ്പാക്കും എന്നതുസംബന്ധിച്ചും വ്യക്തതയുണ്ടാകണം. വയനാടിനായി പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണം. ദുരന്തത്തെ അതിജീവിക്കാനുള്ള സഹായ വാഗ്ദാനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള ഏകോപനം മുഖ്യമന്ത്രിയുടെ

നേതൃത്വത്തിൽ നടപ്പാക്കണം. മുണ്ടക്കൈയിലും ചൂരൽമലയിലും വിലങ്ങാടുമുണ്ടായ ദുരന്തത്തിൽ നാടിനുണ്ടായ ദു:ഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

ശ്രീ. മാത്യു ടി. തോമസ്: ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. വയനാട്ടുണ്ടായ പ്രകൃതിദുരന്തത്തിൽ സർക്കാർ വളരെ ഫലപ്രദമായ ഇടപെടൽ നടത്തിയതോടൊപ്പം ഉപാധികളില്ലാത്ത പ്രതിപക്ഷ സഹകരണമുണ്ടായി എന്നതും പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രകടമാക്കിയ ജനകീയ ഐക്യം പുനരധിവാസ പ്രവർത്തനങ്ങളിലും തുടരാൻ സർക്കാരും പ്രതിപക്ഷവും നടപടി സ്വീകരിക്കണം. ദുരന്തത്തിൽ അനാഥമായ ബാല്യങ്ങളെ സംരക്ഷിക്കാനുള്ള മുൻകരുതൽ സ്വീകരിക്കണം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ പ്രദേശവാസികളെ അറിയിക്കാൻ സംവിധാനമേർപ്പെടുത്തണം. വയനാട് ദുരന്തത്തിലെ അതിജീവിതരെ സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരാൻ നടത്തുന്ന ശ്രമങ്ങളിൽ എല്ലാവരുടെയും പിന്തുണയുണ്ടാകണം. ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: കേരള ചരിത്രത്തിൽ സമാനതകളില്ലാത്ത ദുരന്തമായിരുന്ന വയാനാട്ടിലുണ്ടായ ഉരുൾപൊട്ടൽ. കക്ഷി രാഷ്ട്രീയ ജാതി മത വ്യത്യാസമില്ലാതെ എല്ലാവരും ഒറ്റക്കെട്ടായി ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെട്ടത് കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. ദുരന്തത്തിൽ കാണാതായ 47 പേരെ കണ്ടെത്താനുള്ള നടപടി തുടരണം. പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ദുരന്ത മുന്നറിയിപ്പുകളെ ഗൗരവമായി കാണുന്നതിനും അതിനനുസരിച്ച് പ്രവർത്തിക്കുന്നതിനുമുള്ള ബോധവൽക്കരണം നൽകണം. ഭാവിയിലുണ്ടാകാവുന്ന ഇത്തരം ദുരന്തങ്ങൾ നേരിടുന്നതിന് നാം സജ്ജമാകണം. ദുരന്തത്തിൽ മരണപ്പെട്ടവരുടെ ഓർമ്മകൾക്ക് മുന്നിൽ ശിരസ് നമിക്കുകയും കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: രാജ്യം കണ്ട ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തമാണ് വയനാട്ടിലുണ്ടായത്. സമാനതകളില്ലാത്ത ഈ ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. 500-ലധികം പേരുടെ ജീവൻ നഷ്ടപ്പെടുകയും ആയിരങ്ങൾ തീരാദുരിതത്തിലാകുകയും ചെയ്ത

വയനാട്ടിൽ  മികച്ച രീതിയിലുള്ള ദുരിതാശ്വാസ പ്രവർത്തനം നടത്തിയവരെ നന്ദിയോടെ ഓർക്കുന്നു. പുനരധിവാസം വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ഇത്തരം ദുരന്തങ്ങൾ മുൻകൂട്ടി മനസ്സിലാക്കാനും മുൻകരുതൽ സ്വീകരിക്കാനും കഴിയണം. ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതരുടെ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): വയനാട് ദുരന്തം സംസ്ഥാനത്തിന് വലിയ രീതിയിലുള്ള ആഘാതമാണുണ്ടാക്കിയത്. ദുരന്തമുണ്ടായ ദിവസംതന്നെ അവിടെയെത്തിയ ഞാൻ കണ്ട കാഴ്ചകൾ ഹൃദയഭേദകമായിരുന്നു. കക്ഷിരാഷ്ട്രീയ ജാതിമത ഭേദമന്യേ എല്ലാവരുടെയും മനുഷ്യസ്നേഹമാണ് രക്ഷാപ്രവർത്തനത്തിനായി അവിടെ കാണാൻ സാധിച്ചത്.  പാലം പുനർനിർമ്മിച്ച സൈന്യത്തിന്റെ സേവനം ശ്ലാഘനീയമാണ്. ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികളർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): വയനട് ദുരന്തം ഞെട്ടിപ്പിക്കുന്നതും വേദനിപ്പിക്കുന്നതുമായിരുന്നു. ദുരന്തഭൂമിയിൽ എല്ലാവിധ സഹായങ്ങളുമെത്തിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഒരേ

മനസ്സോടെ പ്രവർത്തിക്കുകയും അതിന് പ്രതിപക്ഷത്തിന്റെ എല്ലാവിധ സഹകരണമുണ്ടാവുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ-ജാതി-മത ചിന്തകൾക്കതീതമായി എല്ലാവരും രക്ഷാപ്രവർത്തനത്തിലേർപ്പെടുന്നതാണ് കാണാൻ സാധിച്ചത്. ദുരന്തത്തിലുണ്ടായ നഷ്ടങ്ങൾ നികത്താൻ സാധിക്കുന്നതല്ലെങ്കിലും ബന്ധുക്കളെ നഷ്ടപ്പെട്ടവർക്ക് മാനസികമായ കരുത്ത് നൽകാൻ നമുക്ക് സാധിക്കണം. കേന്ദ്ര സർക്കാർ വയനാട് പുനർനിർമ്മാണത്തിന് ധനസഹായം പ്രഖ്യാപിക്കാത്തത് ഖേദകരമാണ്. ദുരന്തത്തെ നേരിടുന്നതിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സഹായം ലഭിക്കുകയുണ്ടായി. പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കി ദുരന്തബാധിതരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ സാധിക്കട്ടേയെന്ന് ആശംസിച്ചുകൊണ്ടും മരണമടഞ്ഞവരുടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടും ആദരാഞ്ജലികളർപ്പിച്ചുകൊണ്ടും നിർത്തുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സമാനതകളില്ലാത്ത ദുരന്തത്തിലൂടെയാണ് വയനാടും വിലങ്ങാടും കടന്നുപോയത്. കുടുംബത്തിലുള്ളവരും പ്രതിശ്രുത വരനും നഷ്ടപ്പെട്ട ശ്രുതിയെ ചേർത്തുപിടിക്കാൻ സർക്കാരും മറ്റ് സംവിധാനങ്ങളും കാണിച്ച സന്നദ്ധതയെ ഓർക്കുന്നു. വയനാട് ദുരന്തത്തിൽപ്പെട്ട് കാണാതായ 47

പേരെ വീണ്ടെടുക്കാനുള്ള ശ്രമം തുടരണം. കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ഉരുൾപൊട്ടലിൽ ഏക്കർ കണക്കിന് കൃഷിഭൂമി നശിച്ച സാഹചര്യത്തിൽ കാർഷിക കടങ്ങളുൾപ്പെടെ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണം. ദുരന്തത്തിൽപ്പെട്ട എല്ലാവരുടെയും ദു:ഖത്തിൽ പങ്കുചേരുന്നു; അന്തരിച്ചവർക്ക് ആദരാഞ്ജലികളർപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഇത്തരമൊരു ദുരന്തം ആവർത്തിക്കാതിരിക്കാൻ എന്താണ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച് റവന്യൂ, ദുരന്തനിവാരണ വകുപ്പുകൾ ചർച്ച ചെയ്യണം. സമാനതകളില്ലാത്ത ദുരന്തത്തിൽ സർക്കാരും സന്നദ്ധ സംഘടനകളും കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ രക്ഷാപ്രവർത്തനം നടത്തുകയുണ്ടായി. ധാരാളം പേരുടെ ജീവൻ രക്ഷിക്കുന്നതിനിടയിൽ ജീവൻ നഷ്ടമായ വിലങ്ങാട് മാത്യൂ മാഷിന്റെ ഭാര്യക്ക് ജോലി നൽകണം. ദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിന് നിയമസഭ ഒറ്റക്കെട്ടായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. ദുരന്തബാധിതരുടെ വേദനയിൽ ഞാനും പങ്കുചേരുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും യോജിക്കുന്നു. സമീപകാലത്തെങ്ങുമുണ്ടായിട്ടില്ലാത്ത ദുരന്തത്തിനാണ് വയനാടിലെ മുണ്ടക്കൈയും ചൂരൽമലയും സാക്ഷ്യം വഹിച്ചത്. നിരവധി ജീവനുകൾ നഷ്ടപ്പെടുകയും ജീവനോപാധികൾ ഇല്ലാതാവുകയും ചെയ്തു. കോഴിക്കോട് ജില്ലയിലെ വിലങ്ങാടുണ്ടായ ദുരന്തത്തിൽ കൃഷിയിടങ്ങൾ നഷ്ടപ്പെട്ടവർക്ക് സഹായം നൽകണം. വീട് നഷ്ടപ്പെട്ടവർക്ക് വീട് നൽകുന്ന പദ്ധതിയും ടൗൺഷിപ്പ് നിർമ്മിക്കാനുള്ള പദ്ധതിയും സമയബന്ധിതമായി നടപ്പിലാക്കണം. ബഹുമാന്യരായ മന്ത്രിമാർ വയനാട് ക്യാമ്പ് ചെയ്യുകയും എല്ലാ രാഷ്ട്രീയ പാർട്ടികളും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തത് എടുത്തുപറയത്തക്കതാണ്. കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമം തുടരണം. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ദുരന്ത മുന്നറിയിപ്പ് നൽകുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം. വയനാട്ടിലെ ദുരന്ത ബാധിതരുടെ ദു:ഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

<u>ശ്രീ. ആന്റണി രാജു</u>: കേരള ചരിത്രത്തിൽ ഏറ്റവുമധികം മനുഷ്യജീവൻ

കവർന്ന ദുരന്തത്തെയാണ് നാം അഭിമുഖീകരിച്ചത്. ദുരന്ത സമയത്ത് വിവിധ വകുപ്പുകളുടെ സമയബന്ധിതവും സമാനതകളില്ലാത്തതുമായ രക്ഷാപ്രവർത്തനമാണ് കാണാൻ കഴിഞ്ഞത്. മന്ത്രിതലസംഘം ഒരു മാസത്തിലേറെ ക്യാമ്പ് ചെയ്ത് രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. പുനരധിവാസ പ്രവർത്തനത്തിൽ വ്യക്തതയോടും കൃത്യതയോടുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സുസ്ഥിരമായ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന സർക്കാർ തീരുമാനത്തെ പ്രതീക്ഷയോടെയാണ് എല്ലാവരും നോക്കിക്കാണുന്നത്. നഷ്ടപ്പെട്ടവരുടെ ദു:ഖത്തിൽ പങ്കുചേരുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായത് സമാനതകളില്ലാത്ത ദുരന്തമാണ്. പുനരധിവാസം നടത്തുന്നതിന് സ്വദേശത്തും വിദേശത്തുമുള്ള മലയാളികൾ സന്നദ്ധത അറിയിക്കുന്നുണ്ട്. ദുരന്തമുഖത്ത് ബഹുമാനപ്പെട്ട മന്ത്രിമാരും വിവിധ വകുപ്പുകളും നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ദു:ഖിതരായ കുടുംബാംഗങ്ങളോടൊപ്പം പങ്കുചേർന്നുകൊണ്ട് എന്റെ പാർട്ടിയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: വയനാടുണ്ടായ മഹാദുരന്തത്തിൽ ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് നേതാക്കളും പങ്കുവച്ച വികാരത്തോട് യോജിക്കുന്നു. നാടിനെ നടുക്കിയ ദുഃഖകരമായ ദുരന്തമാണ് വയനാട്ടിൽ സംഭവിച്ചത്. ജീവനും സ്വത്തും നഷ്ടപ്പെട്ട ഹൃദയഭേദകമായ കാഴ്ചയാണ് വയനാടും വിലങ്ങാടും കാണാൻ കഴിഞ്ഞത്. എല്ലാം നഷ്ടപ്പെട്ടവരുടെ ദീനരോദനവും ദയനീയാവസ്ഥയും നമുക്ക് മറക്കാൻ കഴിയുന്നതല്ല. അവിടത്തെ ജനതയുടെ മുഴുവൻ വികാരങ്ങളും ഹൃദയത്തോട് ചേർത്തുപിടിക്കുന്നതോടൊപ്പം ഈ വിഷയത്തിൽ കേന്ദ്ര സർക്കാർ കാണിക്കുന്ന അവഗണനയോട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. വയനാട്ടിലെ മുണ്ടക്കൈയിലെയും ചൂരൽമലയിലുമുണ്ടായ ഉരുൾപൊട്ടൽ രാജ്യത്തെ ഏറ്റവും വലിയ പ്രകൃതി ദുരന്തമായി മാറിയിരിക്കുകയാണ്. ഇനിയും അമ്പതോളം ആളുകളെ കണ്ടെത്താനുണ്ട്. ദുരന്തത്തിന്റെ ഭാഗമുണ്ടായ പ്രതിസന്ധികളെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

ഇനിയൊരു ദുരന്തമുണ്ടാകാതെ നാടിനെ സംരക്ഷിക്കാനാവശ്യമായ മുൻകരുതൽ നടപടിയുണ്ടാകണം. ദുരന്തമേഖലയിലുള്ളവരുടെ മാനസികാഘാതം കുറയ്ക്കുന്നതിനും അവശേഷിക്കുന്ന മുഴുവൻപേരെയും പുനരധിവസിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. ദുരന്തത്തിലകപ്പെട്ടവരുടെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സമാനതകളില്ലാത്ത ദുരന്തത്തെ അനുസ്മരിച്ചുകൊണ്ടാണ് ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും കക്ഷിനേതാക്കളും സംസാരിച്ചത്. കാലാവസ്ഥാ വ്യതിയാനംമൂലം പ്രകൃതിദുരന്തങ്ങൾ പ്രവചിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഒരേസമയത്താണ് വയനാട്ടിലും കോഴിക്കോട് വിലങ്ങാട് പ്രദേശത്തും ഉരുൾപൊട്ടലുണ്ടായത്. പുനരധിവാസം നിർണ്ണയിക്കാനുള്ള ശാസ്ത്രീയപരിശോധന എത്രയും വേഗം പൂർത്തിയാക്കണം. ശക്തമായ മഴ വരുമ്പോൾ മുന്നറിയിപ്പ് നൽകാനുള്ള സംവിധാനം പ്രാദേശികമായുണ്ടാകണം. എല്ലാവരും ഒരുമിച്ചുനിന്ന് പ്രവർത്തിച്ചതിന്റെ ഫലമായാണ് വിലങ്ങാടിനെ പുനഃസൃഷ്ടിക്കാൻ സാധിച്ചത്. മരണപ്പെട്ടവരുടെ സ്മരണയ്ക്ക് മുന്നിൽ

ആദരാഞ്ജലികൾ അർപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളുമെല്ലാം പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. ചൂരൽമലയിലുണ്ടായ ദുരന്തം നമുക്ക് ചിന്തിക്കാൻ കഴിയുന്നതിനേക്കാളും ഭീകരമാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള നേതാക്കളുൾപ്പെടെ എത്തിച്ചേർന്ന് സഹായസഹകരണങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രാഥമിക സഹായം എന്ന നിലയിൽ ദുരന്തത്തിൽ മരിച്ചവരുടെ മൃതദേഹം സംസ്കരിക്കുന്നതിനായി 10,000/- രൂപ വീതവും ദുരന്തബാധിതർക്കുള്ള അടിയന്തര സഹായമായി 10,000/- രൂപ വീതവും അനുവദിച്ചതിനുപുറമെ സമാശ്വാസ തൊഴിൽ പദ്ധതി എന്ന നിലയിൽ ഒരു വീട്ടിലെ രണ്ടുപേർക്ക് 300 രൂപ വീതം നൽകുകയും 817 കുടുംബങ്ങൾക്ക് 6000/- രൂപ വീതം വാടകയായി നൽകുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം മേപ്പാടിയിലും ചൂരൽമലയിലും ചെയ്ത സഹായങ്ങളെല്ലാം വിലങ്ങാടും ചെയ്യുകയുണ്ടായി. ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് പ്രതിപക്ഷവും വിവിധ കക്ഷിനേതാക്കളും പിന്തുണ നൽകിയിട്ടുണ്ട്. കോട്ടപ്പടി വില്ലേജിലും

കൽപ്പറ്റ വില്ലേജിലുമായി ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം ഭൂമി ഏറ്റെടുത്ത് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനും ടൗൺഷിപ്പ് നിർമ്മിച്ച് ആധുനിക കാലത്തിനുതകുന്ന എല്ലാവിധ സംവിധാനങ്ങളും ഏർപ്പെടുത്താനും തർക്കത്തിനിടവരാതെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്. താൽക്കാലിക പുനരധിവാസം സമയബന്ധിതമായി പൂർത്തീകരിക്കുകയും പ്രശ്നപരിഹാരത്തിനായി വയനാട്ടിലെ അസിസ്റ്റന്റ് കളക്ടറെ നോഡൽ ഓഫീസറായി നിശ്ചയിച്ചുകൊണ്ട് പ്രത്യേക സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടൗൺഷിപ്പിന്റെ ഡിസൈൻ സംബന്ധിച്ച് സർവ്വകക്ഷി അഭിപ്രായം ആരായുകയും സന്നദ്ധ സംഘടനകളുടെ യോഗം വിളിച്ച് നടപടി ക്രമങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നതാണ്. പുനരധിവാസ പ്രവർത്തനത്തെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പ്രസിദ്ധീകരിച്ച് ലോകത്തിനുമുമ്പിൽ കേരളം അവതരിപ്പിച്ച നന്മയെ ഇല്ലാതാക്കാനുള്ള ശ്രമം സാമൂഹ്യ മാധ്യമങ്ങളുൾപ്പെടെയുള്ളവയുടെ ഭാഗത്തുനിന്നുമുണ്ടാകാൻ പാടില്ല. കേന്ദ്ര സർക്കാരിന്റെ സഹായം കൃത്യസമയത്ത് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നമ്മൾ ഒരു മനസ്സായി നിന്നുകൊണ്ട് എന്തുവിലകൊടുത്തും

ചൂരൽമലയിലെ മനുഷ്യരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരും. എല്ലാ നല്ല മനസ്സുകളുടെയും സഹായത്തിന് നന്ദിരേഖപ്പെടുത്തുന്നതോടൊപ്പം ജീവൻ നഷ്ടപ്പെട്ട എല്ലാവരുടെയും ഓർമ്മകൾക്കുമുന്നിൽ ശിരസ്സുനമിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

ഉരുൾപൊട്ടലിൽ മരണപ്പെട്ടവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

(സഭ രാവിലെ 10.41-ന് പിരിഞ്ഞു.)